പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

# സന്മാർഗ്ഗമെന്നത് (ഇസ്തിഖാമ) വെളിച്ചവും മാർഗ്ഗനിർദ്ദേശവുമാണ്

ഏറ്റവും ദയാലുവും ഏറ്റവും പരമകാരുണികനും നമ്മെ ശരിയായ പാതയിലേക്ക് നയിക്കുന്നവനുമായ അല്ലാഹുവിൽ എല്ലാ സ്തുതിയും ചേരട്ടെ. അല്ലാഹുവല്ലാതെ ആരാധനയ്ക്ക് യോഗ്യനായ മറ്റൊരു ദൈവമില്ലെന്നതിന് നാം സാക്ഷ്യം വഹിക്കുന്നു. സത്യത്തെ അവൻ ഭൂമിയിലേക്കയയ്ക്കുകയും ഭൂമിയിലത് സ്ഥാപിക്കുകയും ചെയ്തു, സത്യത്തെ മുറുകെപ്പിടിക്കലിനെ സന്മാർഗ്ഗത്തിന്റെ അന്തസത്തയായി പ്രതിഷ്ഠിക്കുകയും ചെയ്തു. മുസ്ലീങ്ങൾക്ക് മാർഗ്ഗനിർദ്ദേശകമാകാൻ അയയ്ക്കപ്പെട്ടവനും ഏറ്റവും സത്യസന്ധനും വിശ്വസ്തനും മുഹമ്മദ് നബിയാണ് (സ്വ) നമ്മുടെ പ്രവചകനെന്നും ദൂതനെന്നുമുള്ളതിനും നമ്മൾ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബിയിലും (സ്വ) അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും ആത്മാർത്ഥതയോടെ അവനെ പിന്തുടർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

സർവ്വശക്തനെ എങ്ങനെയാണോ ഭയക്കേണ്ടത്, ആ വിധം അല്ലാഹുവിനെ ഭയക്കുക, അല്ലാഹുവിന് ഒരു ശരിയായ വിശ്വാസി അനുഷ്ഠിക്കുന്ന കടമകളുടെ രീതിയിൽ അല്ലാഹുവിനെ മനസ്സിലാക്കുക. അല്ലാഹു, മനുഷ്യരെ സൃഷ്ടിച്ചുവെന്നും ശരിയായ പാത മനുഷ്യർക്ക് കാണിച്ചുകൊടുത്തുവെന്നും ഈ പാത പിന്തുടരുന്ന ആരും ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ മോക്ഷം പ്രാപിക്കുമെന്നും നിങ്ങൾ അറിയണം. സർവ്വശക്തനായ അല്ലാഹു പറയുന്നു: [ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗ്ഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്] (സൂറത്ത് അൽ അൻആം 153).

കൂടുതലായി, തന്റെ ദാസരോട്, അവരുടെ പ്രാർത്ഥനകളിൽ, സന്മാർഗ്ഗത്തിനായുള്ള മാർഗ്ഗനിർദ്ദേശത്തിനായി തന്നോട് ചോദിക്കുവാൻ അല്ലാഹു ആജ്ഞാപിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ദാസന്മാർ, ഓരോ രഖയിലും അൽ ഫാത്തിഹ ഉരുവിടുന്നു, അവരുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നാണ് അൽ ഫാത്തിഹയിലെ സൂക്തങ്ങൾ പൊന്തിവരുന്നത്: [നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ ചേർക്കേണമേ] (സൂറത്ത് അൽ ഫാത്തിഹ 5-6). നബി തിരുമേനിയോട് (സ്വ) ഒരു ദിവസം സുഫിയാൻ ബിൻ അബ്ദുള്ള (അല്ലാഹുവിന് അവനിൽ കനിവുണ്ടാകട്ടെ) ചോദിച്ചുവെത്രെ: അല്ലാഹുവിന്റെ ദൂതനേ, അൽ-ഇസ്ലാമിനെ കുറിച്ച് എന്നോട് പറയുക. ഇതെ

കുറിച്ച് ചോദിക്കാൻ നീയല്ലാതെ മറ്റാരും എനിക്കില്ല. നബി തിരുമേനി (സ്വ) അവനോട് പറഞ്ഞു, "ഞാൻ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് പറയുക - തുടർന്നതിൽ ഉറച്ചുനിൽക്കുകയും ചെയ്യുക".

പ്രിയ മുസ്ലീങ്ങളേ!

അല്ലാഹുവിനോടും മറ്റ് മനുഷ്യരോടും തന്നോട് തന്നെയും നല്ല രീതിയിൽ പെരുമാറുകയെന്നത് മുസ്ലീമിന്റെ സന്മാർഗ്ഗികതയിൽ ഉൾപ്പെടുന്നു. ഒരു വീക്ഷണ കോണിൽ കൂടി നോക്കുകയാണെങ്കിൽ അല്ലാഹുവിനോട് സന്മാർഗ്ഗികത പുലർത്തുക എന്നുവച്ചാൽ നമ്മുടെ ആത്മാവ് അവനെ ഏൽപ്പിക്കുകയും തന്റെ എല്ലാക്കാര്യങ്ങളുടെയും ഉത്തരവാദിത്തം അവന് നൽകുകയും രഹസ്യമായും പരസ്യമായും സന്മാർഗ്ഗ പ്രവൃത്തികൾ നിർവഹിക്കുകയും ചെയ്യുന്നതാണ്. സൂക്തങ്ങൾ ഇങ്ങനെയാണ്: [എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമ്മകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്തുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല] (സൂറത്ത് അൽ ബഖറ 112).

അതുപോലെ തന്നെ, സൃഷ്ടാവിന് നേർക്കുള്ള സന്മാർഗ്ഗപരമായ പെരുമാറ്റത്തിന്റെ ഫലമാണ് മനുഷ്യരോടും സന്മാർഗ്ഗപരമായ പെരുമാറ്റം പുലർത്തുകയെന്നത്. തന്റെ ദൈവത്തിനോട് സന്മാർഗ്ഗികത പുലർത്തുന്ന ഏതൊരാളും തന്റെ പ്രഭുവിന്റെ സൃഷ്ടികളുടെ നേർക്കും അതേ സന്മാർഗ്ഗികത പുലർത്തും. അത്തരക്കാർ മനുഷ്യരോട് നല്ല രീതിയിൽ പെരുമാറും ദയാവായ്പ്പ് കാണിക്കും, അവരുടെ കുറ്റകൃത്യങ്ങൾ പൊറുക്കുകയും ചെയ്യും. അങ്ങനെ, പ്രവാചകന്റെ ഹദീസ്, മനുഷ്യരിൽ ദൈവഭക്തിയും നല്ല പെരുമാറ്റവും ഒരുമിച്ച് കൊണ്ടുവരുന്നു. പ്രവാചകനായ നബി തിരുമേനി (സ്വ) പറഞ്ഞു: (നിങ്ങൾ എവിടെ ആയിരുന്നാലും അല്ലാഹുവിനെ ഭയപ്പെടുക, ഒരു മോശം പ്രവൃത്തിയെ നല്ല പ്രവൃത്തി കൊണ്ട് പിന്തുടരുക, മോശം പ്രവൃത്തി മായ്ക്കപ്പെടും, ആളുകളോട് നല്ല സ്വഭാവത്തോടെ പെരുമാറുക).

തന്നോട് തന്നെയുള്ള പെരുമാറ്റത്തിലെ മനുഷ്യന്റെ സന്മാർഗ്ഗികത സ്ഥിതിചെയ്യുന്നത് സന്മാർഗ്ഗത്തെ ദുർബലതകളിൽ നിന്ന് പരിരക്ഷിച്ചുകൊണ്ട് നിലനിർത്തുന്നതിനും ഉദാത്തമായ സംഗതികളുമായി ബന്ധിപ്പിക്കുന്നതിലുമാണ്. യഥാർത്ഥത്തിൽ, സന്മാർഗ്ഗികത എന്നാൽ ഏറ്റവും പ്രധാനപ്പെട്ട സംഗതികൾക്കൊപ്പം ഏറ്റവും ചെറിയ സംഗതിയും ഉൾക്കൊള്ളുന്നതാണ്. സംസാരത്തിലെ വിനയം, ഉപകാരം ചെയ്തതിന് നന്ദിപറയൽ, പോകുന്നതിന് മുമ്പ് അനുമതി ചോദിക്കൽ, നടക്കുമ്പോൾ സാവധാനത്തിലുള്ള ചുവടുവയ്പ്പ്, താഴ്ന്ന ശബ്ദം, നല്ല രൂപഭാവം, നേരെ ഇരിക്കൽ എന്നിവയൊക്കെ ഇതിൽ ഉൾപ്പെടുത്താവുന്ന കാര്യങ്ങളാണ്. സന്മാർഗ്ഗി ആകുന്നതിന്, മറ്റുള്ളവരോട് നല്ല രീതിയിൽ പെരുമാറാൻ തീരുമാനിക്കുന്ന ഏതൊരാളും ഇപ്പറഞ്ഞ സംഗതികൾ പരിഗണിക്കേണ്ടവയാണ്.

സന്മാർഗ്ഗത്തെ മുറുകെ പിടിക്കുന്നത് മനുഷ്യനെ തീർച്ചയായും നന്മകൾ കൊണ്ട് നിറയ്ക്കുന്നു, നിർമ്മലത കൊണ്ട് സമ്പന്നമാക്കുന്നു, പരിശുദ്ധി കൊണ്ട് അലങ്കരിക്കുന്നു. തന്റെ പ്രഭുവിനാൽ ആദരിക്കപ്പെടുന്നവനും പ്രഭുവിന്റെ സൃഷ്ടികളിൽ മറ്റ് പലരേക്കാളും പ്രഭുവിനാൽ ഇഷ്ടപ്പെടുന്നവനുമായ ഒരു അന്തസ്സുറ്റ വ്യക്തിയുടെ ജീവിതമാണിതെന്ന് നിസ്തർക്കമാണ്. മനുഷ്യന് സന്മാർഗ്ഗികത ഉന്നമനം നൽകുന്നു, അതവന്റെ ഹൃദയം വിശുദ്ധീകരിക്കുന്നു, എന്തെങ്കിലും നിന്ദ പറയുന്നതോ മ്ലേച്ഛമായ ഭാഷ ഉച്ചരിക്കുന്നതോ ഒഴിവാക്കുന്നതിന് അതവന്റെ നാവിനെ അടക്കിനിർത്തുന്നു. ഒരു മനുഷ്യനിൽ എല്ലാ നന്മകളും ഉണ്ടെന്ന് പറയുന്നത് ഈ സന്മാർഗ്ഗികതയുടെ നന്മ കൊണ്ടാണ്, ഈ നന്മ തന്നെയാണ് തിന്മകളിൽ ഉൾപ്പെടാതിരിക്കാൻ മനുഷ്യനെ തടയുന്നതും. സന്മാർഗ്ഗികത പാലിക്കണമെന്ന് തന്റെ ദൂതനോടും മറ്റ്

വിശ്വാസികളോടും അല്ലാഹു ആജ്ഞാപിച്ചതിൽ ഒട്ടും അതിശയോക്തിയില്ല. [ആകയാൽ നീ കൽപിക്കപ്പെട്ടതു പോലെ നീയും നിന്നോടൊപ്പം (അല്ലാഹുവിങ്കലേക്ക്) മടങ്ങിയവരും നേരായ മാർഗത്തിൽ നിലകൊള്ളുക. നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കരുത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാണ്] (സൂറത്ത് അൽ ഹൂദ് 112) എന്ന സൂക്തമോർക്കുക. സന്മാർഗ്ഗികളായ അംഗങ്ങളുള്ള ഏത് സംഘം ചെയ്യുന്ന പ്രവൃത്തികളും മെച്ചമുള്ളതാകും, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും, അവർക്ക് വേണ്ടത് കൊടുക്കുമെന്ന തന്റെ വാഗ്ദാനം അല്ലാഹു ഓർമ്മിക്കുകയും ചെയ്യും. [ആ മാർഗത്തിൽ (ഇസ്ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്] (സൂറത്ത് അൽ ജിന്ന് 16).

പ്രിയ മുസ്ലീങ്ങളേ!

സന്മാർഗ്ഗം അത്രയ്ക്കും പ്രാധാന്യമുള്ളതാണെങ്കിൽ, അത് കൈവരിക്കുന്നതിന് എന്തൊക്കെയാണ് സഹായിക്കുക? മഹത്വമുള്ളവനും ഉന്നതനുമായ അല്ലാഹുവിന്റെ മതത്തെ കുറിച്ചുള്ള നല്ല അറിവ് ഉണ്ടെങ്കിലും സ്വന്തം പ്രഭുവിന്റെ ബോധനങ്ങളെ കുറിച്ച് അവബോധം ഉണ്ടെങ്കിലും മാത്രമാണ് ഒരു മുസ്ലീമിന് സന്മാർഗ്ഗികത കൈവരിക്കാൻ കഴിയൂ. അത്തരം അറിവും അവബോധവും മുസ്ലീമിനെ സന്മാർഗ്ഗികതയിലേക്ക് നയിക്കുകയും പാപകരമായ അഭിലാഷങ്ങളിൽ നിന്നും ലൈംഗികാസക്തികളിൽ നിന്നും അവനെ അകറ്റിനിർത്തുകയും ചെയ്യുന്നു. [തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു] (സൂറത്ത് അൽ ശംസ് 9-10).

സത്യത്തിൽ, നിരന്തരമായി സ്വയം വിലയിരുത്തൽ നടത്തുകയും നിയന്ത്രിക്കുകയുമാണ് സന്മാർഗ്ഗം കൈവരിക്കാൻ സഹായിക്കുന്നത്. നബി തിരുമേനി (സ്വ) പറഞ്ഞു, (ഇഹലോകത്തിലും പരലോകത്തിലും നേട്ടങ്ങൾ കൊയ്യുന്നതിന്, സ്വയം ഉത്തരവാദിത്തം ഏറ്റെടുക്കുകയും (ചീത്ത പ്രവർത്തികളിൽ നിന്ന് വിട്ടുനിൽക്കുകയും) ഉദാത്തമായ പ്രവൃത്തികൾ നിർവഹിക്കുകയും ചെയ്യുന്നവനാണ് വിവേകവാനായ മനുഷ്യൻ; പ്രലോഭനങ്ങൾക്കും അഭിലാഷങ്ങൾക്കും കീഴ്പ്പെടുന്നവനും തന്റെ വ്യർത്ഥമായ ആഗ്രഹങ്ങൾ നിറവേറുന്നതിന് അല്ലാഹുവിൽ നിന്ന് സഹായം അഭ്യർത്ഥിക്കുന്നവനുമാണ് വിഡ്ഢിയായ മനുഷ്യൻ).

ഉമർ (അല്ലാഹു അവനെ അനുഗ്രഹിക്കട്ടെ) ഇങ്ങനെ പറഞ്ഞു, "കണക്കു കൊടുക്കുന്നതിനും നിങ്ങളുടെ ആത്മാവുകളെ (അതായത് നിങ്ങളുടെ നടപടികളെ) അളക്കുന്നതിനും നിങ്ങൾ വിളിക്കപ്പെടുന്നതിന് മുമ്പായി ഉത്തരവാദിത്തത്തോടെ കാര്യങ്ങൾ ചെയ്യാൻ സ്വയം ഉദ്ബോധിപ്പിക്കുവിൻ, കാരണം ഇന്ന് ഉത്തരവാദിത്തത്തോടെ പെരുമാറുന്നത്, നാളെ നിങ്ങളുടെ ഉത്തരവാദിത്തങ്ങളെ പരമകാരുണികൻ അളന്നുനോക്കുമ്പോൾ കാര്യങ്ങൾ ലളിതമാക്കും".

കൂടുതലായി, സത്യസന്ധരായ വ്യക്തികളുമായി കൂട്ടുകൂടുകയാണ് സന്മാർഗ്ഗികത കൈവരിക്കുന്നതിന് സഹായിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം. ഇത്തരം വ്യക്തികളുമായി കൂട്ടുകൂടുന്നതിൽ നിന്ന് മുസ്ലീമിന് പല പ്രയോജനങ്ങളും ലഭിക്കുന്നു. അല്ലാഹുവിനോടുള്ള അനുസരണ ശക്തിപ്പെടുത്തുന്നതിനും അല്ലാഹുവിനെ കൂടെക്കൂടെ ഓർമ്മിക്കുന്നതിനും ഇത്തരം ആളുകളെ കണ്ടുമുട്ടുന്നത് മുസ്ലീമിനെ സഹായിക്കുന്നു. സർവ്വശക്തനും പരമോന്നതനുമായ അല്ലാഹു, തന്റെ ദൂതനായ നബി തിരുമേനിയോട് (സ്വ) ഇങ്ങനെ പറഞ്ഞുവെന്ന് പരിശുദ്ധ ഗ്രന്ഥം പറയുന്നു, [തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക.

ഇഹലോകജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്] (സൂറത്ത് അൽ കഹഫ് 28).

അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിനെ ഭയപ്പെടുവിൻ, നിങ്ങളുടെ ഇഹലോക ജീവിതത്തിലും പരലോക ജീവിതത്തിലും സന്തോഷം ലഭിക്കുന്നതിന് അവനെ അനുസരിക്കാനും അവനോട് മാപ്പ് അപേക്ഷിക്കാനും ഓർമ്മിക്കുവിൻ.

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് ഞാൻ മാപ്പപേക്ഷിക്കുന്നു. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പപേക്ഷിക്കുന്ന നിങ്ങളോട് അവൻ പ്രതികരിക്കും. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ

***********************************

ഏറ്റവും മഹത്വമുള്ളവനും പരമോന്നതനുമായ അല്ലാഹുവിന് എല്ലാ സ്തുതിയും. സൽക്കർമ്മങ്ങൾക്കായി സന്മാർഗ്ഗികത മുറുകെപ്പിടിക്കാൻ അല്ലാഹു നമ്മോട് ആഹ്വാനം ചെയ്തു, അത് പാലിക്കുന്നവരുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റിത്തരാമെന്ന് ബാദ്ഗാനവും ചെയ്തു. അല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനായ മറ്റൊരു ദൈവമില്ലെന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹുവിന്റെ ദാസനും ദൂതനുമായ മുഹമ്മദ് നബിക്കും (സ്വ) ഞാൻ സാക്ഷ്യം വഹിക്കുന്നു. ദൈവസൃഷ്ടികളിൽ ഏറ്റവും മികവുറ്റ മനുഷ്യനാണ് മുഹമ്മദ് നബി (സ്വ). അവൻ അല്ലാഹുവിൽ വിശ്വസിക്കുകയും എല്ലാക്കാര്യങ്ങളിലും അവനെ ആശ്രയിക്കുകയും അവനെ ഭയയ്ക്കുകയും അവന്റെ സഹായം അർത്ഥിക്കുകയും ചെയ്തു. മുഹമ്മദ് നബിയിലും (സ്വ) അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും അവനെ പിന്തുടർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

മഹത്വമുള്ളവനും സർവ്വശക്തനുമായ അല്ലാഹുവിനെ അനുസരിക്കുന്നവർക്ക് എന്താണ് പ്രതിഫലമായി ലഭിക്കുക എന്ന് നിങ്ങൾക്ക് അറിയാമോ? സത്യത്തിൽ അത് മഹത്തായ പ്രതിഫലവും പാരിതോഷികവുമാണ്. സർവ്വശക്തനായ അല്ലാഹു ഈ പ്രതിഫലത്തെ കുറിച്ച് ഇങ്ങനെ പറയുന്നു: [ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക. ഐഹികജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ഉണ്ടായിരിക്കും. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിങ്കൽ നിന്നുള്ള സൽക്കാരമത്രെ അത്] (സൂറത്ത് അൽ ഫുസ്സിലത്ത് 30-32).

സന്മാർഗ്ഗത്തിൽ ഒരു വ്യക്തിയുടെ ഹൃദയം അടിയുറച്ചിരിക്കുകയും ഇതുവഴി, വിശ്വാസ വെളിച്ചത്താൽ ഹൃദയത്തിന് ജ്ഞാനോദയം ഉണ്ടാവുകയും ചെയ്യുമ്പോഴും, തിന്മ നിറഞ്ഞതോ പാപകരമോ ആയ ചിന്തയിൽ നിന്ന് വിട്ടുനിൽക്കുന്ന തരത്തിൽ ഈ വ്യക്തിയുടെ മനസ്സ് സന്മാർഗ്ഗികതയെ പുൽകുമ്പോഴും, എന്തെങ്കിലും തരത്തിലുള്ള നെറികേടോ കാപട്യമോ നീക്കിക്കളയുന്ന തരത്തിൽ ഈ വ്യക്തി മറ്റുള്ളവരോട് പെരുമാറുമ്പോഴും, ഈ വ്യക്തി നന്മയും വിശ്വാസത്തിന്റെ മാർഗ്ഗനിർദ്ദേശവും നേടിയതായും ജീവിതത്തിൽ സന്തോഷവും ആത്മവിശ്വാസവും കൈവരിച്ചതായും ഇഹലോകത്തിലും പരലോകത്തിലും അല്ലാഹുവിന്റെ ആദരവും സംതൃപ്തിയും നേടിയെടുത്തതായും പരിഗണിക്കപ്പെടുന്നു. [ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്] (സൂറത്ത് അൽ അഹ്ഖാഫ് 13-14).

അതുകൊണ്ട്, അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിനെ ഭയപ്പെടുവിൻ, പാപങ്ങളെ കുറിച്ച് ബോധവാന്മാരായിരിക്കുവിൻ, നിങ്ങളുടെ പ്രഭുവിന്റെ സംതൃപ്തിക്കായി എന്താണ് ചെയ്യേണ്ടതെന്ന് അവനോട് തന്നെ ചോദിക്കുവിൻ, നിരന്തരം അവനെ ഓർക്കുകയും അവന് നന്ദി പറയുകയും ചെയ്യുവിൻ, അവനോടുള്ള നിങ്ങളുടെ കടമകൾ പാലിക്കുകയും അവനെ ഭയപ്പെടുകയും ചെയ്യുവിൻ. ഈശ്വരഭക്തിയുള്ളവർക്ക് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത് നേടിയെടുക്കുവിൻ, സന്മാർഗ്ഗികളായിരിക്കുന്നതിന് അവൻ മുന്നറിയിപ്പ് നൽകിയിരിക്കുന്ന അനുസരണക്കേടുകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുവിൻ.

അല്ലാഹുവേ, സന്ദേശവാഹകരുടെ നേതാവായ മുഹമ്മദ് നബിയിൽ (സ്വ) അങ്ങയുടെ അനുഗ്രഹം ചൊരിയുക, കാരണം വിശുദ്ധ പുസ്തകത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് (സ്വ) കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക] (സൂറത്ത് അൽ അഹ്സാബ് 56).

അല്ലാഹു! അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും (സ്വ) അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! [തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു].